

# ഖുർആൻ ബോധനം

**700**

എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

110. പ്രവാചകൻ ജനങ്ങളോടു പറയുക: അല്ലാഹു എന്നു വിളിച്ചു പ്രാർഥിച്ചുകൊള്ളുക; അല്ലെങ്കിൽ റഹ്മാൻ എന്നുവിളിച്ചുകൊണ്ട്. ഏതു ദൈവനാമം വിളിച്ചും പ്രാർഥിക്കാം. വിശിഷ്ട നാമങ്ങളൊക്കെയും അവന്റേതാകുന്നു. നിന്റെ നമസ്കാരം അത്യുച്ചത്തിലാക്കേണ്ട. വളരെ രഹസ്യത്തിലുമാക്കേണ്ട. രണ്ടിനുമിടയിൽ മിതമായ നില സ്വീകരിക്കണം.

قُلِ ٱدْعُوا۟ ٱللَّهَ أَوِ ٱدْعُوا۟ ٱلرَّحْمَـٰنَ ۖ أَيًّا مَّا تَدْعُوا۟ فَلَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ وَلَا
تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَٱبْتَغِ بَيْنَ ذَٰلِكَ سَبِيلًا ﴿١١٠﴾

111. പ്രാർഥിക്കുക: സർവസ്തുതിയും അല്ലാഹുവിന്നാകുന്നു; ആരെയും പുത്രനായി വരിച്ചിട്ടില്ലാത്തവനും അധികാരത്തിൽ പങ്കാളിയേതുമില്ലാത്തവനും സഹായി ആവശ്യമാകുന്ന യാതൊരു ദൗർബല്യവുമില്ലാത്തവനുമായ അല്ലാഹുവിന്ന്. അവന്റെ അത്യുന്നത മഹത്വത്തെ വാഴ്ത്തിക്കൊണ്ടിരിക്കുക.

وَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ وَلَمْ
يَكُن لَّهُۥ وَلِىٌّ مِّنَ ٱلذُّلِّ ۖ وَكَبِّرْهُ تَكْبِيرًۢا ﴿١١١﴾

നിങ്ങൾ അല്ലാഹു(എന്ന് വിളിച്ചു)വിനെ പ്രാർഥിച്ചുകൊള്ളുക = ٱدْعُوا۟ ٱللَّهَ നീ (പ്രവാചകൻ ജനങ്ങളോടു) പറയുക = قُلِ
അല്ലെങ്കിൽ റഹ്മാനെ (പരമകാരുണികൻ എന്നുവിളിച്ചു) പ്രാർഥിച്ചുകൊള്ളുക = أَوِ ٱدْعُوا۟ ٱلرَّحْمَـٰنَ ۖ
അവന്റേതാകുന്നു = فَلَهُ നിങ്ങൾ ഏതു പ്രാർഥിച്ചാലും (ഏത് നാമം വിളിച്ചും പ്രാർഥിക്കാം) = أَيًّا مَّا تَدْعُوا۟
നീ ഒച്ചയിടേണ്ട(അത്യുച്ചത്തിലാക്കേണ്ട) = وَلَا تَجْهَرْ വിശിഷ്ട നാമങ്ങൾ (ഒക്കെയും) = ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ
നീ അത് (വളരെ) രഹസ്യത്തിലുമാക്കേണ്ട = وَلَا تُخَافِتْ بِهَا നിന്റെ നമസ്കാരം കൊണ്ട് = بِصَلَاتِكَ
ഒരു വഴി (മിതമായ നില) = سَبِيلًا അതിനു(രണ്ടിനും) ഇടയിൽ = بَيْنَ ذَٰلِكَ നീ തേടുക(സ്വീകരിക്കുക) = وَٱبْتَغِ
സർവ(സ്തുതിയും) അല്ലാഹുവിനാകുന്നു = ٱلْحَمْدُ لِلَّهِ നീ പറയുക (പ്രാർഥിക്കുക) = وَقُلِ
(ആരെയും) പുത്രനായി സ്വീകരിച്ചിട്ടില്ലാത്തവനായ = ٱلَّذِى لَمْ يَتَّخِذْ وَلَدًا
അധികാരത്തിൽ = فِى ٱلْمُلْكِ പങ്കാളി(യേതും) ഇല്ലാത്തവനുമായ = وَلَمْ يَكُن لَّهُۥ شَرِيكٌ
അവശതയിൽനിന്ന് രക്ഷകൻ ഇല്ലാത്തവൻ = وَلَمْ يَكُن لَّهُۥ وَلِىٌّ مِّنَ ٱلذُّلِّ
(ഒരു സഹായി ആവശ്യമാകുന്ന യാതൊരു ദൗർബല്യവുമില്ലാത്തവനുമായ അല്ലാഹുവിന്)
അവന്ന് ഒരു തക്ബീർ ചൊല്ലൽ തക്ബീർ ചൊല്ലുക = وَكَبِّرْهُ تَكْبِيرًۢا
(അവന്റെ അത്യുന്നത മഹത്വത്തെ വാഴ്ത്തിക്കൊണ്ടിരിക്കുക)

**110.** പ്രവാചകനെതിരെ വിഗ്രഹാരാധകർ ഉന്നയിച്ച ഒരു വിമർശനത്തിനു മറുപടിയാണിത്. ഇയാളിതാ ഒരു റഹ്മാനെ പ്രാർഥിക്കുന്നു. ഈ ദൈവം എവിടന്നു വന്നു, ആരാണത്? ഇതായിരുന്നു വിമർശനം. ദൈവത്തിന് റഹ്മാൻ (പരമകാരുണികൻ) എന്ന നാമവും ഗുണവും അറബികളിൽ സുപരിചിതമായിരുന്നില്ല എന്നതാണതിനു കാരണം. സൂറഃ അൽഫുർഖാൻ 60-ാം സൂക്തത്തിൽ ഇതെപ്പറ്റിപ്പറയുന്നു:

وَإِذَا قِيلَ لَهُمُ ٱسْجُدُوا۟ لِلرَّحْمَٰنِ قَالُوا۟ وَمَا ٱلرَّحْمَٰنُ أَنَسْجُدُ لِمَا تَأْمُرُنَا

(ഇവരോട് പരമകാരുണികനെ (رحمن) പ്രണമിക്കാൻ പറയുമ്പോൾ അവർ ചോദിക്കുന്നു. എന്താണീ റഹ്മാൻ? നീ കൽപിക്കുന്നതിന് ഞങ്ങൾ പ്രണമിക്കണമെന്നോ?!) പ്രാചീനകാല വിഗ്രഹാരാധകരുടെ ദൈവസങ്കൽപത്തിൽ സ്നേഹം, കാരുണ്യം, വിവേകം തുടങ്ങിയ ഗുണങ്ങൾക്ക് സ്ഥാനമുണ്ടായിരുന്നില്ല. സംഹാരരൗദ്രരും ഭീകരരും തങ്ങളെ പൂജിക്കുന്നവരിൽ മാത്രം പ്രസാദിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നവരുമാണ് അവരുടെ മിക്ക ദൈവങ്ങളും. സജ്ജന രക്ഷയും ദുർജ്ജന ശിക്ഷയുമല്ല; ആരാധക രക്ഷകനും ശത്രുസംഹാരകനും മാത്രമാണ് ദൈവം. ദൈവാരാധനയാകട്ടെ, ദൈവത്തിന്റെ ധർമശാസനകളനുസരിക്കുകയല്ല; പൂജകളും വഴിപാടുകളും-ബലിതർപ്പണവുമാണ്. ധർമശാസനകളൊന്നും ആ ദൈവങ്ങൾ നൽകുന്നുമില്ല. ശക്തിയും രൗദ്രതയുമാണ് ദൈവങ്ങളുടെ പ്രധാന ഗുണങ്ങൾ. സിംഹമുഖവും നരിമുഖവും സർപ്പമുഖവുമൊക്കെയുള്ള, കൂർത്ത തേറ്റകൾ വെളിപ്പെടുത്തി ചോരയൂറ്റുന്ന നാക്കു നീട്ടി നിൽക്കുന്ന ആൺ-പെൺ ദൈവങ്ങൾ നമ്മുടെ നാട്ടിൽ ഇപ്പോഴും സുലഭമാണല്ലോ. അവയിൽ സ്നേഹവും കാരുണ്യവും സങ്കൽപിക്കാതിരിക്കുക സ്വാഭാവികം. അതിനാൽ അല്ലാഹുവിനെ 'റഹ്മാൻ' എന്നുവിളിക്കുന്നത് അവർക്ക് വലിയ പുതുമയായിരുന്നു.

സ്നേഹം, കാരുണ്യം, അനുഗ്രഹം തുടങ്ങിയ അർഥങ്ങളിലുള്ള റഹ്മത്തിന്റെ കർതൃവചനമായ رحم ന്റെ ഉത്തമ വാചികളാണ് رحيم ഉം رحمن ഉം. കാരുണ്യമർഹിക്കുന്നവരോട് ഏറെ കരുണ കാട്ടുന്നവനാണ് رحيم. അർഹരെന്നോ അനർഹരെന്നോ വിവേചനമില്ലാതെ, ശിഷ്ടർക്കും ദുഷ്ടർക്കും ദൈവഭക്തർക്കും ദൈവധിക്കാരികൾക്കും ഒരുപോലെ കരുണചൊരിയുന്നവനാണ് رحمان. പ്രവാചകൻ അല്ലാഹുവിനെ റഹ്മാൻ എന്നുവിളിച്ചപ്പോൾ ഖുറൈശികളിൽനിന്ന് രണ്ടുതരം വിമർശനമുയർന്നു. ഒരു വിമർശനത്തെപ്പറ്റി ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ഇബ്നു ജരീർ ഉദ്ധരിക്കുന്നു: മക്കയിൽ ഒരുനാൾ നബി(സ) നമസ്കരിക്കുമ്പോൾ അല്ലാഹ്-യാ റഹ്മാൻ (അല്ലാഹുവേ, പരമകാരുണികാ) എന്ന് പ്രാർഥിക്കുകയായിരുന്നു. അതുകേട്ട ബഹുദൈവ വിശ്വാസികൾ പറഞ്ഞുതുടങ്ങി: "നോക്കൂ! ഈ പുത്തൻ മതക്കാരൻ രണ്ടു ദൈവങ്ങളെ പ്രാർഥിക്കാൻ പാടില്ലെന്ന് നമ്മളോട് കൽപിക്കുന്നു. അയാളോ, അല്ലാഹു-റഹ്മാൻ എന്നിങ്ങനെ രണ്ടു ദൈവങ്ങളെ പ്രാർഥിക്കുകയും ചെയ്യുന്നു." ഇതിനെത്തുടർന്നാണ് قُلِ ٱدْعُوا۟ ٱللَّهَ... എന്ന സൂക്തം അവതരിച്ചത്. മൈമൂനുബ്നിൻ മിഹറാൻ പറയുന്നു: നബി(സ) അവിശ്വാസികളുമായി ഉണ്ടാക്കിയ കരാർപത്രത്തിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നെഴുതിയത് കണ്ട് അവർ പറഞ്ഞു. "റഹീമിനെ ഞങ്ങൾക്കു മനസ്സിലായി. പക്ഷേ ഈ റഹ്മാൻ ആരാണ്?" ഇതേ തുടർന്ന് അല്ലാഹു ഈ സൂക്തം അവതരിപ്പിച്ചു.

അല്ലാഹുവിന് റഹ്മാൻ എന്ന പേർ ജാഹിലിയ്യത്തിലും ഉപയോഗിച്ചിരുന്നുവെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എങ്കിലും ഈ പേർ സുപരിചിതമായിരുന്നത് വേദക്കാരിലാണ്. ഖുർആൻ മറ്റു സമുദായങ്ങളിൽനിന്ന് പകർത്തിയതാണെന്ന അവരുടെ വാദത്തിന് തെളിവായി അതിലെ റഹ്മാൻ പരാമർശം ചൂണ്ടിക്കാണിക്കുകയായിരുന്നു അവർ. സൂറഃ *അൽഫുർഖാൻ* 4-5 സൂക്തങ്ങളിൽ:

وَقَالَ ٱلَّذِينَ كَفَرُوٓا۟ إِنْ هَٰذَآ إِلَّآ إِفْكٌ ٱفْتَرَىٰهُ وَأَعَانَهُۥ عَلَيْهِ قَوْمٌ ءَاخَرُونَ ۖ فَقَدْ جَآءُو ظُلْمًا وَزُورًا ﴿٤﴾ وَقَالُوٓا۟ أَسَٰطِيرُ ٱلْأَوَّلِينَ ٱكْتَتَبَهَا فَهِىَ تُمْلَىٰ عَلَيْهِ بُكْرَةً وَأَصِيلًا ﴿٥﴾

(സത്യനിഷേധികൾ പറയുന്നു: ഈ ഖുർആൻ അയാൾ കെട്ടിച്ചമച്ചതാകുന്നു. വേറെ ജനം അയാളെ സഹായിച്ചിട്ടുമുണ്ട്. അന്യായവും പച്ചക്കള്ളവുമാണവർ പറയുന്നത്. അവർ ഘോഷിക്കുന്നു: അയാൾ പകർത്തിയെഴുതിയ പഴങ്കഥകളാണത്. കാലത്തും വൈകിയിട്ടും അയാൾ അത് വായിച്ചു കേൾപ്പിക്കപ്പെടുന്നുണ്ട്). അങ്ങനെയാണ് വേദക്കാരിൽ പ്രചാരമുള്ള റഹ്മാൻ എന്ന ദൈവനാമം ഖുർആനിൽ സ്ഥലം പിടിച്ചത്. നമ്മുടെ മതവും സംസ്കാരവും, വേദക്കാർക്കും അവരുടെ പൈതൃകങ്ങൾക്കും കീഴ്പെടുത്തിക്കൊടുക്കാനുള്ള ശ്രമമാണിതെന്നും അവർ ആരോപിച്ചു. പക്ഷേ ഈ വീക്ഷണത്തെക്കാൾ പ്രമാണങ്ങളുടെ പിന്തുണയുള്ളത് ആദ്യത്തെ വ്യാഖ്യാനത്തിനാണ്.

ഖുർആൻ അതിനു നൽകുന്ന മറുപടി ഇതാണ്. പേരിനെച്ചൊല്ലി തർക്കം വേണ്ട. അല്ലാഹുവിനെ അല്ലാഹു എന്നു വിളിച്ചു പ്രാർഥിക്കാം. റഹ്മാൻ എന്നു വിളിച്ചും പ്രർഥിക്കാം. മറ്റേതു പേരു വിളിച്ചും പ്രാർഥിക്കാം. വിശിഷ്ട നാമങ്ങളൊക്കെയും അവന്റെ നാമങ്ങളാണ്. ഖുർആൻ ഇവിടെ വിശിഷ്ടനാമങ്ങളുടെ ٱلْأَسْمَآءُ ٱلْحُسْنَىٰ യുടെ എണ്ണമൊന്നും പറഞ്ഞിട്ടില്ല. മഹത്വത്തെയും വിശുദ്ധിയെയും സൂചിപ്പിക്കുന്ന എല്ലാ നാമവും അല്ലാഹുവിന്റെ നാമമാണെന്നാണ് പറഞ്ഞിരിക്കുന്നത്. അതു തൊണ്ണൂറ്റി ഒൻപതിൽ പരിമിതമാകണമെന്നില്ല, നൂറോ ആയിരമോ ഒക്കെയാകാം. ഏറ്റം വിശിഷ്ടമായ ദൈവനാമം الاسم الاعظم 'അല്ലാഹു' തന്നെയാണ്. മറ്റുള്ളവയെല്ലാം അവന്റെ ഗുണനാമങ്ങളാകുന്നു. അല്ലാഹു-സാക്ഷാൽ ദൈവം-എന്ന നാമം എല്ലാ ദൈവിക ഗുണങ്ങളെയും ഒരുമിച്ച് ഉൾക്കൊള്ളുന്നു. തിർമിദി ഉദ്ധരിച്ച ഒരു ഹദീസിൽ തൊണ്ണൂറ്റി ഒൻപതു വിശിഷ്ട നാമങ്ങൾ ٱلْأَسْمَآءُ ٱلْحُسْنَىٰ പറഞ്ഞിരി

ക്കുന്നു. അവ: 1) الرّحمن-പരമകാരുണികൻ. 2) الرّحيم-കരുണാമയൻ. 3) الملك-രാജൻ. 4) القدّوس-പരമപരിശുദ്ധൻ. 5) السّلام-പരമശാന്തി. 6) المؤمن-നിർഭയൻ. 7) المهيمن-ഭൂതനാഥൻ. 8) العزيز-അജയ്യൻ. 9) الجبّار-സ്വേഛാധിപതി. 10) المتكبّر-സ്വയം വലുതായവൻ. 11) الخالق-സ്രഷ്ടാവ്. 12) البارء-സ്രഷ്ടാവ്. 13) المصوّر-രൂപദാതാവ്. 14) الغفّار-പൊറുക്കുന്നവൻ. 15) القهار-സർവാധിപതി. 16) الوهاب-അത്യുദാരൻ. 17) الرّزّاق-അന്നദാതാവ്. 18) الفتاح-മോചകൻ. 19) العليم-സർവജ്ഞൻ. 20) القابض-കൈവശാധികാരി. 21) الباسط-ഉദാരൻ. 22) الخافض-അവരോഹകൻ. 23) الرّافع-ആരോഹകൻ. 24) المعز-യശോദായകൻ. 25) المذل-അധഃകരിക്കുന്നവൻ. 26) السميع-സർവശ്രോതാവ്. 27) البصير-സർവദ്രഷ്ടാവ്. 28) الحكم-ശാസ്താവ്. 29) العدل-നീതി. 30) اللطيف-ദയാമയൻ. 31) الخبير-അഗാധജ്ഞൻ. 32) الحليم-വിവേകശാലി. 33) العظيم-മഹനീയൻ. 34) الغفور-ഏറ്റം മാപ്പരുളുന്നവൻ. 35) الشكور-അതീവ കൃതജ്ഞൻ (നന്മകൾ ഏറ്റം അംഗീകരിക്കുന്നവൻ) 36) العلي-ഉന്നതൻ. 37) الكبير-അത്യുന്നതൻ. 38) الحفيظ-പരിപാലകൻ. 39) المقيت-പോഷകൻ. 40) الحسيب-വിചാരകൻ. 41) الجليل-തേജസ്വി. 42) الكريم-ഉദാരൻ. 43) الرّقيب-സർവനിരീക്ഷകൻ. 44) المجيب-വിളി കേൾക്കുന്നവൻ. 45) الواسع-സുവിശാലൻ. 46) الحكيم-ജ്ഞാനി. 47) الودود-സ്നേഹാതിരേകൻ. 48) المجيد-കീർത്തിമാൻ. 49) الباعث-ഉത്ഥാപകൻ. 50) الشهيد-സർവസാക്ഷി. 51) الحق-സത്യം. 52) الوكيل-കൈകാര്യക്കാരൻ. 53) القوي-സർവശക്തൻ. 54) المتين-സുദൃഢൻ. 55) الولي-രക്ഷിതാവ്. 56) الحميد-സ്തുതീയൻ. 57) المحصى-എല്ലാം തിട്ടപ്പെടുത്തുന്നവൻ. 58) المبدئ-(സൃഷ്ടിയുടെ) തുടക്കക്കാരൻ. 59) المعيد-(സൃഷ്ടി) ആവർത്തിക്കുന്നവൻ. 60) المحي-ജീവദാതാവ്. 61) المميت-മരിപ്പിക്കുന്നവൻ. 62) الحي-നിത്യജീവൻ. 63) القيوم-(പ്രപഞ്ച) പാലകൻ. 64) الواجد-ഉണ്മ ഉളവാക്കുന്നവൻ. 65) الماجد-പ്രാമാണികൻ. 66) الواحد-ഏകൻ. 67) الاحد-അവിഭാജ്യനായ ഏകൻ. 68) الصمد-അനാദ്യന്തൻ. 69) القادر-വിധായകൻ. 70) المقتدر-കഴിവുറ്റവൻ. 71) المقدم-മുന്നിലുള്ളവൻ. 72) المؤخر-പിന്നിലുള്ളവൻ. 73) الاوّل-ആദി. 74) الآخر-അന്തം. 75) الظاهر-പുറം. 76) الباطن-അകം. 77) المولى-യജമാനൻ. 78) المتعال-സ്വയം അത്യുന്നതൃമാർന്നവൻ. 79) البرّ-നന്മയിൽ നിഷ്ഠൻ. 80) التّواب-മടക്കം (അടിമകളുടെ പശ്ചാത്താപം) കൈക്കൊള്ളുന്നവൻ. 81) المنتقم-(പാപികളോട്) പ്രതികാരം ചെയ്യുന്നവൻ. 82) العفو-(പാപികളോട്) പരമാവധി വിട്ടുവീഴ്ച ചെയ്യുന്നവൻ. 83) الرؤوف-ദാക്ഷിണ്യവാൻ. 84) مالك الملك - രാജാധിരാജൻ. 85) ذوالجلال والإكرام -പ്രൗഢപ്രഭാവൻ. 86) المقسط-നീതിദായകൻ. 87) الجامع-സമാഹർത്താവ്. 88) الغني-സർവസമ്പന്നൻ. 89) المغني-ധനദാതാവ്. 90) المانع-വിലക്കുന്നവൻ. 91) الضارّ-പീഡയേകുന്നവൻ. 92) النافع-പ്രയോജനമേകുന്നവൻ. 93) النّور-വെളിച്ചം. 94) الهادى-മാർഗദർശകൻ. 95) البديع-ആവിഷ്കാരകൻ. 96) الباقى-എന്നും നിലനിൽക്കുന്ന ശക്തി. 97) الوارث -എല്ലാറ്റിന്റെയും ആത്യന്തിക അവകാശി. 98) الرّاشد-വിവേകവിജ്ഞൻ. 99) الصبور-സഹനശാലി.

അല്ലാഹുവിനെ കഴിച്ചാൽ ഖുർആൻ ഏറ്റവുമധികം പരാമർശിക്കുന്ന ദൈവനാമമായ 'റബ്ബ്' ഇക്കൂട്ടത്തിലില്ല എന്നതുതന്നെ അസ്മാഉൽ ഹുസ്ന തൊണ്ണൂറ്റി ഒൻപതിൽ പരിമിതമല്ല എന്നതിനു തെളിവാകുന്നു.

وَلَا تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَابْتَغِ بَيْنَ ذَٰلِكَ سَبِيلًا എന്ന വാകൃത്തിലൂടെ പ്രാർഥനയുടെയും നമസ്കാരത്തിന്റെയും മര്യാദയും ശരിയായ രീതിയും പഠിപ്പിക്കുകയാണ്. അല്ലാഹുവിനോട് യഥാർഥമായ ഭയവും ഭക്തിയുമുള്ളവർ ദിക്റുകളും ദുആകളും നടത്തേണ്ടത് ഈ കൽപനപ്രകാരമാണ്. നമസ്കാരവും പ്രാർഥനയും അത്യുച്ചത്തിൽ പാടില്ല. മറ്റുള്ളവർക്ക് അതിൽ ആക്ഷേപമുണ്ടായാലും ഇല്ലെങ്കിലും, واغضض من صوتك (നിന്റെ ഒച്ചയൊതുക്കണം) എന്ന് സൂറഃ ലുഖ്മാൻ 19 ാം സൂക്തത്തിൽ ഖുർആൻ കൽപിക്കുന്നുണ്ട്. അമിത ശബ്ദം അരോചകമാണെന്നും അരോചക ശബ്ദം കഴുതയുടെ ശബ്ദം തന്നെയാണെന്നും കൂടി അവിടെ സൂചിപ്പിച്ചിട്ടുണ്ട്.

ഇക്കാലത്ത് ചില പള്ളികളിലും മറ്റും 'ദിക്റ് ഹൽഖ'യുടെയും 'മൗലിദ്' 'റാത്തീബു'കളുടെയും പേരിൽ നടക്കുന്ന ശബ്ദഘോഷങ്ങളുടെ പ്രചോദകം ദൈവഭക്തിയല്ല; സ്വന്തം ശക്തി വിളംബരം ചെയ്യാനുള്ള വ്യഗ്രതയും ആരോടോ ഉള്ള പകയുമാണ്. ഈ ശബ്ദ ദൂഷണം അരുതെന്നുപദേശിച്ചാൽ ദീനുൽ ഇസ്ലാമിനെയും ദിക്റുല്ലാഹിയെയും തടയാൻ വരുന്നു എന്ന മട്ടിലാണവർ നേരിടുക. ഇസ്ലാമിക സന്ദേശങ്ങൾ മറ്റുള്ളവരെ കേൾപ്പിക്കുന്നത് മഹത്തായ പുണ്യകർമം തന്നെയാണ്. ആ കേൾപ്പിക്കൽ അവർ ചിന്തിക്കാനും ഗ്രഹിക്കാനുമായിരിക്കണം. فَذَكِّرْ إِن نَّفَعَتِ الذِّكْرَىٰ (ഉൽബോധനം ഫലപ്രദമാകുന്നുവെങ്കിൽ നീ ജനത്തെ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുക) ഫലപ്രദമാകാതെ ആളുകളെ വെറുപ്പിക്കുകയും ശത്രുത വളർത്തുകയുമെന്ന ദോഷമുണ്ടാകുന്നിടത്ത് ദിക്റിന്റെ പേരിൽ ഒച്ചയിടരുത്. പ്രകൃത വചനത്തിന്റെ താൽപര്യം അതാണെന്ന് ഇതിന്റെ അവതരണ നിമിത്തമായി ഉദ്ധരിക്കപ്പെടുന്ന നിവേദനങ്ങളിൽ നിന്നു വ്യക്തമാകുന്നു. ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്ലിമും തിർമിദിയും ഉദ്ധരിക്കുന്നു: റസൂൽ തിരുമേനി മക്കയിൽ രഹസ്യ പ്രബോധനം നടത്തിയിരുന്ന കാലത്താണ് ഈ സൂക്തം അവതരിച്ചത്. ഖുർആൻ ഓതുന്നതു കേട്ടാൽ അവിശ്വാസികൾ അതിനെയും അത് ഇറക്കിയവനെയും അതുമായി വന്നവനെയും ശകാരിക്കുമായിരുന്നു. ഈ സാഹചര്യത്തിൽ അല്ലാഹു നബിയോടു പറഞ്ഞു: "നിന്റെ നമസ്കാരം ഏറെ ഉച്ചത്തിലാക്കേണ്ട. അതായത്, നിന്റെ നമസ്കാരം അവിശ്വാസികൾ കേട്ട് പ്രകോപിതരായി ശകാരം വർഷിക്കാൻ ഇടയാകേണ്ട. എന്നാൽ നിന്റെ ശിഷ്യന്മാർക്ക് കേൾക്കാനാവാത്തവണ്ണം രഹസ്യമാക്കുകയും വേണ്ട."

ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം. അബൂബക്കർ(റ)ന്റെ ഖുർആൻ പാരായണവും പ്രാർഥനയും വളരെ പതുക്കെയായിരുന്നു. അദ്ദേഹം പറയുമായിരുന്നു: "ഞാൻ എന്റെ നാഥനുമായി രഹസ്യഭാഷണം ചെയ്യുകയാണ്. എന്റെ ആവശ്യങ്ങളെന്തൊക്കെയാണെന്ന് അവന്നറിയാം."

ഉമറിന്റെ ഖുർആൻ പാരായണവും പ്രാർഥനയും ഉറക്കെയായിരുന്നു. അദ്ദേഹം പറയുമായിരുന്നു: "ഞാൻ ചെകുത്താനെ ആട്ടിപ്പായിക്കുകയും ഉറങ്ങുന്നവരെ ഉണർത്തുകയുമാണ്." പ്രകൃത സൂക്തം അവതരിച്ചപ്പോൾ റസൂൽ തിരുമേനി അബൂബക്കറിനോട് ശബ്ദം അൽപം ഉയർത്താനും ഉമറിനോട് അൽപം കുറക്കാനും നിർദേശിച്ചു.

മറ്റുള്ളവർക്ക് കേൾക്കാനാവാത്തവണ്ണം കുശുകുശുക്കുകയും പിറുപിറുക്കുകയുമാണ് **تخافت**. നമസ്കാരത്തിൽ **تخافت** വേണ്ട എന്നു പറഞ്ഞതിന്റെ താൽപര്യം നമസ്കാരത്തിൽ പരസ്യമാക്കേണ്ട ഖിറാഅത്തുകൾ ആരും കേൾക്കാത്തവിധം ഓതേണ്ടതില്ല. അത് മിതമായ ശബ്ദത്തിൽ ഓതണം. ജമാഅത്തായി നമസ്കരിക്കുമ്പോൾ ജഹ്റ് ആക്കേണ്ട ഖിറാഅത്തുകൾ കൂടെയുള്ളവർക്കു കേൾക്കാൻ കഴിയുന്നത്ര ഉച്ചത്തിൽ ഓതണം. കൂട്ടുപ്രാർഥനക്ക് നേതൃത്വം നൽകുന്നവർ സഭയിൽ എല്ലാവരും കേൾക്കാവുന്നവണ്ണം പ്രാർഥനാ വചനങ്ങൾ ഉരുവിടേണം. തങ്ങളുടെ ഖിറാഅത്തും ദുആയും നാടുമുഴുക്കെ കേൾപ്പിക്കേണ്ടത് നാട്ടുകാർ അതു കേൾക്കാൻ ആഗ്രഹിക്കുമ്പോൾ മാത്രമാണ്. മതവിരോധമായി തെറ്റിദ്ധരിക്കുമെന്ന് കരുതി നാട്ടുകാർ എതിർപ്പ് ഉള്ളിലൊതുക്കുന്നതിനെ അവരുടെ സമ്മതമായി കാണുന്നത് അവിവേകമാണ്.

**111.** ഏക ദൈവവിശ്വാസത്തെ ഊന്നിപ്പറഞ്ഞുകൊണ്ട് സൂറഃ സമാപിക്കുന്നു. വചന താൽപര്യമിതാണ്. അല്ലാഹുവിനെ ഏതു പേരിൽ വിളിക്കുന്നുവെന്നതിലല്ല കാര്യം. വിളിക്കുന്നത് ദിവ്യത്വത്തിലും അധികാരത്തിലും ശക്തിയിലുമെല്ലാം ഏകനും അതുല്യനുമായ ദൈവത്തെയായിരിക്കുക എന്നതിലാണ് കാര്യം. വഴിപിഴച്ച ഇക്കൂട്ടർ എന്തുവേണമെങ്കിലും പറയട്ടെ. പ്രവാചകൻ അവരോട് പ്രഖ്യാപിക്കുക: ഞാൻ പ്രാർഥിക്കുന്നതും പ്രകീർത്തിക്കുന്നതും, പിൻഗാമികളായോ തുണകളായോ സന്തതികളെ സ്വീകരിക്കാത്ത, തന്റെ ദൈവികാധികാരം ആർക്കും പങ്കുവെച്ചിട്ടില്ലാത്ത, ഒരു രക്ഷിതാവിന്റെയോ മിത്രത്തിന്റെയോ സഹായം ആവശ്യമാകുന്ന യാതൊരു ദൗർബല്യവും അപര്യാപ്തതയുമില്ലാത്ത, തന്നിൽ തന്നെ സർവവും തികഞ്ഞവനായ സർവാധികാരിയും സർവശക്തനുമായ അല്ലാഹുവിനെയാകുന്നു. യഥാർഥ ദൈവവിശ്വാസികളും ദൈവഭക്തരുമായ എല്ലാവരും പ്രാർഥിക്കേണ്ടതും പ്രകീർത്തിക്കേണ്ടതും അവനെ മാത്രമാകുന്നു.

മലക്കുകൾ അല്ലാഹുവിന്റെ മക്കളാണെന്ന് ജാഹിലീ അറബികളും യേശു ദൈവപുത്രനാണെന്ന് ക്രൈസ്തവരും ഉസൈർ ദൈവപുത്രനാണെന്ന് യഹൂദരും വിശ്വസിച്ചിരുന്നു. ഈ മൂന്ന് വിശ്വാസങ്ങളുടെയും നിഷേധമാണ് ٱلَّذِى لَمْ يَتَّخِذْ وَلَدًا എന്ന വാക്യം. തങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങൾക്ക് ദിവ്യത്വമുണ്ടെന്ന് വിഗ്രഹാരാധകരും തങ്ങളുടെ പുണ്യാത്മാക്കൾക്കും പുരോഹിതർക്കും സിദ്ധന്മാർക്കുമൊക്കെ ദൈവികാധികാരത്തിൽ പങ്കാളിത്തമുണ്ടെന്ന് യഹൂദ-ക്രൈസ്തവ വിഭാഗവും വിശ്വസിക്കുന്നു. وَلَمْ يَكُن لَّهُۥ شَرِيكٌ فِى ٱلْمُلْكِ എന്ന വാക്യം ആ സങ്കൽപങ്ങളെ നിഷേധിക്കുന്നു. ദൈവം നിലനിൽക്കുന്നതും തന്റെ ദിവ്യത്വം നടപ്പിലാക്കുന്നതും ഉപരിസൂചിതമായ പുണ്യാത്മക്കളിലൂടെയും പുരോഹിതന്മാരിലൂടെയും മറ്റു ദേവീദേവന്മാരിലൂടെയുമാണ് എന്നത് എല്ലാ ബഹുദൈവവിശ്വാസികളുടെയും പൊതുസങ്കൽപമാണ്. അതില്ലെങ്കിൽ ബഹുദൈവവിശ്വാസം നിരർഥകവും ആരാധന നിഷ്ഫലവുമാണെന്ന് വരും. ബഹുദൈവവിശ്വാസത്തെയും ആരാധനയെയും ന്യായീകരിക്കുന്ന ഈ സങ്കൽപ്പത്തെ നിഷേധിക്കുകയാണ് وَلَمْ يَكُن لَّهُۥ وَلِيٌّ مِّنَ ٱلذُّلِّ എന്ന വാക്യം. അത്തരം സങ്കൽപങ്ങൾ യഥാർഥ ദൈവത്തെ നിന്ദിക്കലാണ് എന്ന സൂചന കൂടിയുണ്ടതിൽ. നിന്ദ്യതയെയും അപമാനത്തെയും കൂടി ധ്വനിപ്പിക്കുന്ന പദമാണ് ذُلّ.

وَكَبِّرْهُ تَكْبِيرًا എന്ന വാക്യത്തിന്റെ ഭാഷാർഥം. അവനെ വലുതാക്കൽ വലുതാക്കുക എന്നാണ്. സാങ്കേതികാർഥത്തിൽ 'അല്ലാഹു അക്ബർ' എന്നു പറയുകയാണ് തക്ബീർ. എന്നാൽ ഇവിടെ كَبِّرْهُ تَكْبِيرًا എന്നതിന്റെ താൽപര്യം തക്ബീർ ചൊല്ലുക എന്നു മാത്രമല്ല. പ്രത്യുത, ബഹുദൈവവിശ്വാസികൾ ഇഷ്ടപ്പെടുന്നില്ലെങ്കിലും നീ അല്ലാഹുവിനെ അവന്റെ എല്ലാ മഹിത ഗുണങ്ങളെയും ഭക്തിപൂർവം വെളിപ്പെടുത്തി വാഴ്ത്തിക്കൊണ്ടിരിക്കുക എന്നാണ്.

അറബി ഭാഷയിൽ ഏറ്റം അർഥപുഷ്ടവും ശക്തവുമായ സ്തുതിവചനമാണ് 'അല്ലാഹു അക്ബർ' എന്നു പണ്ഡിതന്മാർ പറയുന്നു. മറ്റെന്തിനെക്കാളും ഉന്നതനും മഹനീയനും വലിയവനും അല്ലാഹുവാണ്. അവനെക്കാൾ വലിയവനോ അവനു തുല്യനോ ആയി യാതൊന്നുമില്ല. ഞാൻ അവനിൽ വിശ്വസിക്കുകയും സ്വയം സമർപിക്കുകയും അവനെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. അവനല്ലാത്തതൊക്കെയും അവന്റെ അടിമകളും ദുർബലരും നിസ്സാരരുമാകുന്നു. ഇതാണ് വിശ്വാസി മുഴക്കുന്ന 'അല്ലാഹു അക്ബറി'ന്റെ ആശയം. ഉമർ(റ) പറഞ്ഞു: "ദൈവദാസന്റെ 'അല്ലാഹു അക്ബർ' ഇഹലോകത്തെക്കാളും അതിലുള്ള സകലത്തെക്കാളും ശ്രേഷ്ഠമാകുന്നു."

സൂറത്തുൽ ഇസ്രാഇലെ ഈ അന്തിമ സൂക്തത്തെ പ്രവാചകൻ آية العز (പ്രതാപ സൂക്തം) എന്നുവിളിച്ചിരുന്നതായി മുആദ് ബിൻ ജബൽ പ്രസ്താവിച്ചിരിക്കുന്നു. ഈ സൂക്തം അല്ലാഹുവിന്റെ അതുല്യ പ്രതാപത്തെ പ്രകാശനം ചെയ്യുന്നുവെന്നതാകാം അതിനു കാരണം. ഇബ്നു അബൂഉമയ്യ പ്രസ്താവിച്ചതായി അബ്ദുർറസാഖ് നിവേദനം ചെയ്യുന്നു: "ഹാശിം ഗോത്രത്തിൽ കുട്ടികൾ സംസാരിച്ചു തുടങ്ങിയാൽ പ്രവാചകൻ അവരെ ... ٱلْحَمْدُ لِلَّهِ ٱلَّذِى എന്ന സൂക്തം ഏഴു വട്ടം ചൊല്ലാൻ പഠിപ്പിക്കാറുണ്ടായിരുന്നു." ഈ സൂക്തം പാരായണം ചെയ്യുന്നവരുടെ പേരിൽ അല്ലാഹു ഈ ഭൂമിക്കും പർവതങ്ങൾക്കും തുല്യമായ പുണ്യം രേഖപ്പെടുത്തുമെന്ന് നബി(സ) പറഞ്ഞതായി അബ്ദുൽ ഹമീദ് ബിൻ വാസിൽ പ്രസ്താവിച്ചിരിക്കുന്നു. ■

**بعون الله تعالى انتهى تنوير سورة الإسراء**